# വി.ഖുർആൻ മറച്ചു തുറക്കുന്ന

# റൂഹിന്റെ കാണാപ്പുറങ്ങൾ

## ഭാഗം 2-രണ്ടു നബിമാരുടെ ജ്ഞാനയാത്രകൾ

Islamic Epistemology Channel

**بِسْمِ ٱللَّهِ ٱلرَّحْمَٰنِ ٱلرَّحِيمِ**

**وَيَسْـَٔلُونَكَ عَنِ ٱلرُّوحِ ۖ قُلِ ٱلرُّوحُ مِنْ أَمْرِ رَبِّى وَمَآ أُوتِيتُم مِّنَ ٱلْعِلْمِ إِلَّا قَلِيلًا**

**ആത്മാവിനെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു. പറയുക: ആത്മാവ് എന്റെ നാഥന്റെ വരുതിയിലുള്ള കാര്യമാണ്. അറിവിൽനിന്ന് അൽപമേ നിങ്ങൾക്ക് നൽകിയിട്ടുള്ളൂ (അൽഇസ്റാഅ് : 85).**

**സൂറ അൽ കഹ്ഫിലുടനീളം റൂഹിന്റെ പങ്കിനെ ഒളിപ്പിച്ച നിലയിൽ വിന്യസിച്ചിരിയ്ക്കുന്നു. നബിമാരായ മൂസ(അ)യ്ക്കും ഈസ(അ)യ്ക്കും മുഹമ്മദു (സ)യ്ക്കും റൂഹിലൂടെ ഖൽബിൽ പതിച്ചു നൽകപ്പെട്ട സത്യത്തിന്റെ ആഖ്യാനമായ ഖദ്റിന്റെ ഭാഗങ്ങളെ അതിൽ ആയാത്തുകളാക്കിയിരിയ്ക്കുന്നു. ഖദറുൾക്കൊള്ളുന്ന ഖൽബു് അള്ളാഹു സുബ്ഹ.യുടെ കയ്യിലെ മുൽക്കാണ്. അവന്റെ കല്പനയ്ക്കനുസരിച്ചു് റൂഹ് അതിനെ പ്രകാശിപ്പിയ്ക്കുന്നു. നഫ്സതു് സ്വീകരിയ്ക്കുന്നു. അങ്ങനെ നബിമാർക്കു് അള്ളാഹു അവന്റെ സവിശേഷ ഇൽമ് പകരുന്നു.**
**റൂഹു് അള്ളാഹുവിന്റെ ചൊല്പടിയിൽ മാത്രം വർത്തിയ്ക്കുന്ന നഫ്സിനെ നയിയ്ക്കുന്ന വാഹനമാണു്. അതു് നൂറു കൊണ്ടുള്ള സൃഷ്ടിയാണു്. അതു് ഇരുറഹുമത്തുകൾക്കിടയിലെ നൂറെന്ന സമയരഹിത മാധ്യമത്തിൽ സഞ്ചരിയ്ക്കുന്നു.**
**നബി നഫ്സുകൾ അള്ളാഹു അനുവദിയ്ക്കുന്ന അവരുടെ മുമ്പും പിമ്പുമുള്ള ഖദ്റിന്റെ ഭാഗം റൂഹുലൂടെ അറിയുന്നു. നബിമാരുടെ ദൗത്യ നിർവ്വഹണത്തെ സഹായിയ്ക്കുന്ന ഇഹപര ലോക വ്യത്യാസങ്ങളില്ലാത്ത ജ്ഞാനാതീത ജ്ഞാനം അതിലൂടെ അവർക്കു ലഭിയ്ക്കുന്നു.**
**മുത്തശാബിഹ മാതൃക**

നബിമാർക്കു വെളിപ്പെടുത്തിക്കൊടുക്കുന്ന ആ അദൃശ്യ ജ്ഞാനത്തെ അള്ളാഹു സുബു. വി. ഖുർആനിൽ അംസാലുകളിലൂടെ/ ബിംബങ്ങളിലൂടെ/ ഉദാഹരണങ്ങളിലൂടെ വിശദമാക്കുന്നു. ഈ ആയത്തുകൾ മുത്തശാബിഹ മാതൃകയിലുള്ളതാണ്. അവ തരുന്ന അനുഭവം, കാണുമ്പോൾ ഒന്നും രുചിയ്ക്കുമ്പോൾ മറ്റൊന്നുമായിരിയ്ക്കും- കാഴ്ച ഭൗതിക ജ്ഞാനവും രുചി ഇൽമ്/ ആത്മീയ ജ്ഞാനവും. അള്ളാഹു രുചി അനുഭവിപ്പിച്ചയാൾ നൽകുന്ന അവയുടെ വ്യഖ്യാനം ഹിക്മത്തെന്ന യുക്തിജ്ഞാനം പ്രദാനം ചെയ്യുന്നു. അതു് ഇൽമിലേയ്ക്കുള്ള/വ്യക്തി നിഷ്ഠമായ അറിവിലേയ്ക്കുള്ള/ സത്യത്തിലേയ്ക്കുള്ള ചൂണ്ടു പലക മാത്രമാണ്.

<u>ഇരുലോക ജ്ഞാനങ്ങൾ നൂറിൽ സമുമ്പയിയ്ക്കുന്നു</u>

**അൽകഹ്ഫ് : 42**

**وَأُحِيطَ بِثَمَرِهِۦ فَأَصْبَحَ يُقَلِّبُ كَفَّيْهِ عَلَىٰ مَآ أَنفَقَ فِيهَا وَهِىَ خَاوِيَةٌ عَلَىٰ عُرُوشِهَا وَيَقُولُ يَٰلَيْتَنِى لَمْ أُشْرِكْ بِرَبِّىٓ أَحَدًا**

അവസാനം അവന്റെ കായ്കനികൾ നാശത്തിനിരയായി. തോട്ടം പന്തലോടുകൂടി നിലംപൊത്തി. അതുകണ്ട് അയാൾ താനതിൽ ചെലവഴിച്ചതിന്റെ പേരിൽ ഖേദത്താൽ കൈമലർത്തി. അയാളിങ്ങനെ വിലപിച്ചു: ''ഞാനെന്റെ നാഥനിൽ ആരെയും പങ്ക് ചേർത്തില്ലായിരുന്നെങ്കിൽ എത്ര നന്നായേനേ.''

ഒരാളുടെ ഇഹലോകത്തിലെയും പരലോകത്തിലെയും അനുഭവം ഒറ്റ ആയത്തിൽ സംഗ്രഹിച്ചിരിയ്ക്കുന്നു. അങ്ങനെ ഇരു ലോകങ്ങളിലെ ഭൂത-ഭാവി ഇൽമുകൾ/അറിവുകൾ സ്ഥലകാലങ്ങൾക്കതീതമായ നൂറെന്ന വർത്തമാനത്തിൽ സമുമ്പയിയ്ക്കുന്നു. റൂഹിലൂടെ സ്വീകരിയ്ക്കപ്പെടുന്ന ഇൽമിന്റെ സവിശേഷതയാണതു്.

ദുൽഖർനൈനിന്റെ റൂഹിലേറിയുള്ള സഞ്ചാരം

ഖുർആൻ, ഖർന് എന്ന പദം ഉപയോഗിയ്ക്കുന്നതു് ഒരു തലമുറയെ / കാലഘട്ടത്തെ കുറിയ്ക്കുവാനാണ്. ഇരു കാലഘട്ടങ്ങളിൽ ഒരു നഫ്സ്സിനെ വഹിച്ച റൂഹിന്റെ പേരാണു് ഖർനൈൻ. നബി ഈസ(അ)യുടെ നഫുസ്സു് രണ്ടു കാലഘട്ടങ്ങളിലായുള്ള ദൗത്യങ്ങൾ നിർവ്വഹിയ്ക്കുവാൻ നിയോഗിയ്ക്കപ്പെട്ടതാണ്. ഖർനൈൻ എന്ന റൂഹിന്റെ നഫ്സ്സായതിനാൽ ഈസ(അ)യ്ക്കു് ദുൽഖർനൈനെന്ന അപരനാമം നൽകിയിരിയ്ക്കുന്നു.

സൂറത്തു കഹ്ഫിൽ ദുൽഖർനൈനിന്റെ ജ്ഞാന സഞ്ചാരത്തിലെ ദർശനങ്ങളെ മുത്തശാബിഹ രീതിയിൽ വെളിപ്പെടുത്തിയിരിയ്ക്കുന്നു. അതിൽ

Islamic Epistemology Channel

ബനി ഇസ്രായീലിനു ശേഷമുള്ള ദീനുൽ ഇസ്ലാമിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളെ വിവരിയ്ക്കുന്നു. ശേഷം ലോകാവസാനം വരെയുള്ള ചരിത്രത്തെയും ചരിത്രങ്ങൾക്കപ്പുറത്തെ സംഭവങ്ങളെയും വെളിവാക്കുന്നു. ഈ വിഷയ സംബന്ധമായ ആയത്തുകളുടെ വ്യാഖ്യായാനം "ദുൽഖർനൈനിന്റെ പ്രവചനങ്ങൾ" എന്ന തലവാചകത്തോടെ **Ep-50** ആയി **upload** ചെയ്തിട്ടുള്ളതാണ്. താഴെ **Description** ൽ അതിന്റെ ലിങ്ക് ഉണ്ട്.

ജറുസലേം അണക്കെട്ടിന്റെ രണ്ടു വശങ്ങൾ

ഈസ(അ)യ്ക്കു് ഖർനൈനിലൂടെ നൽകപ്പെട്ട ഇൽമിന്റെ ചുരുക്കം ഇങ്ങനെയാണു്:-

ദുൽഖർനൈൻ (ഈസ(അ)) ജറുസലേം കേന്ദ്രീകരിച്ചു് ദീനുൽ ഇസ്ലാമെന്ന പ്രതിരോധത്തിന്റെ അണക്കെട്ടു് നിർമ്മിച്ചു. അതു് അക്രമികളെ ചെറുത്തു.

അണയുടെ റഹുമത്തിന്റെ വശത്തു് ജനത്തിൽ ഒരു വിഭാഗം അണി ചേർന്നു. അവിടെനിന്നു് ദീൻ, മുഹമ്മദു നബി(സ)യെന്ന പൂർവാഹ്ന സൂര്യന്റെ പ്രഭയിൽ വേരൂന്നി അതിശക്തിയോടെ വളർന്നു പടർന്നു. പിന്നെ മദ്ധ്യാഹ്നം കഴിഞ്ഞതോടെ അതു ക്ഷയിയ്ക്കാൻ തുടങ്ങി.

റഹുമത്തിന്റെ ബലക്ഷയം അണയുടെ എതിർ വശത്തെ ശക്തിപ്പെടുത്തി. പടിഞ്ഞാറൻ ഭൗതിക നവോത്ഥാനത്തിനു അതു വഴിയൊരുക്കി. അതിന്റെ ഫലമായി യജൂജു-മജൂജുകളെന്ന അക്രമികൾ ശക്തിയാർജ്ജിച്ചു. അവസാനമവർ ഖുർആനിലെ പ്രവചനം പോലെ ജറുസലേം അണക്കെട്ടു തകർത്തു. റഹുമത്തു് ഒലിച്ചുപോയ ദീനിനു മേൽ അവർ കയറി മറിഞ്ഞു. ഇസ്ലാമിക ഖിലാഫത്തിനെ കഷണങ്ങളാക്കി അവരുടെ പാവ സർക്കാരുകളെ സ്ഥാപിച്ചു.

ഈസ(അ)യുടെ രണ്ടാം വരവിൽ ദീനുൽ ഇസ്ലാമെന്ന അസ്തമയ സൂര്യനെ പടിഞ്ഞാറു് ഭാഗത്തെ ചെളിക്കുണ്ഡിൽ / ചതുപ്പിൽ ദർശിയ്ക്കും. അസ്തമയ സൂര്യന്റെ ചെങ്കിരണങ്ങളിൽ നിന്നു് ചേറിൽ പെട്ടുപോയ ഒരു വിഭാഗം നൂറു സ്വീകരിച്ചു് വിജയം കൊയ്യും. പ്രാണവായു ഇല്ലാത്ത ചതുപ്പ് നൂറില്ലാതെ നശിച്ചു് തീവ്ര ലൗകിക-ലൈംഗിക അരാജകത്വത്തിലേയ്ക്കു കൂപ്പു കുത്തിയ സമൂഹത്തെ കുറിയ്ക്കുന്നു. ആ അക്രമകാരികളെ ഈസ(അ)മെന്ന ഭരണാധികാരി ഉന്മൂലനം ചെയ്യും. ആഖിറത്തിലും നോവേറിയ ശിക്ഷ അവരെ കാത്തിരിയ്ക്കുന്നു. ഇവയാണു് അള്ളാഹു സുബു. തുറന്നു തരുന്ന അവന്റെ ഖദ്റിലെ ഈസ(അ)യുമായി ബന്ധപ്പെട്ട ചരിത്ര ചരിത്രാതീത കാഴ്ചകൾ.

<u>ഇരു നബിമാരുടെ ദൗത്യ സമന്വയം</u>

ഈസ(അ)യുടെയും മുഹമ്മദു നബി(സ)യുടെയും ദൗത്യങ്ങളെ അള്ളാഹു സുബു. പരസ്പര പൂരകങ്ങളാക്കിയിരിയ്ക്കുന്നു. ഈസ(അ)യുടെ നബുവത്തിന്റെ

Islamic Epistemology Channel

പൂർത്തീകരണമാണു് മുഹമ്മദു നബി(സ). മുഹമ്മദു നബി(സ)യുടെ ഖിലാഫത്തിന്റെ / രാജ്യാധികാരത്തിന്റെ പൂർത്തീകരണമാണു് ഈസ(അ). അന്ത്യ പ്രവാചകനായ മുഹമ്മദു നബി(സ)യ്ക്കു് ശേഷം നബുവത്തു ആർക്കുമുണ്ടാവുകയില്ല. അതിനാൽ ഈസ(അ)യുടെ രണ്ടാം വരവിൽ അവിടുന്നു സർവ്വാധികാരിയായ ഭരണാധികാരി മാത്രമായിരിയ്ക്കും. ഖുർആനിലൂടെ നൽകപ്പെട്ട നീതി വ്യവസ്ഥയിലധിഷ്ഠിതമായിരിയ്ക്കും ആ ഭരണം. മുഹമ്മദു(സ)യെ കുറിച്ചു് ഈസ(അ)യ്ക്കു് നൽകിയ ഇൽമ് അൽ കഹ്ഫ് 89 മുതൽ 92 വരെയുള്ള ആയത്തുകളിൽ വെളിപ്പെടുത്തിയിരിയ്ക്കുന്നു.

മുഹമ്മദുനബി(സ)യെ സംബന്ധിച്ച ദുൽഖർനൈനിന്റെ വെളിപ്പെടുത്തൽ
അൽകഹ്ഫ് : 89

ثُمَّ أَتْبَعَ سَبَبًا

പിന്നീട് അദ്ദേഹം (ദുൽഖർനൈൻ) മറ്റൊരു പാത പിന്തുടർന്നു.
അൽകഹ്ഫ് : 90

حَتَّىٰٓ إِذَا بَلَغَ مَطْلِعَ ٱلشَّمْسِ وَجَدَهَا تَطْلُعُ عَلَىٰ قَوْمٍ لَّمْ نَجْعَل لَّهُم مِّن دُونِهَا سِتْرًا

അങ്ങനെ സൂര്യോദയ സ്ഥാനത്തെത്തിയപ്പോൾ അത് ഒരു ജനതയുടെ മേൽ ഉദിച്ചുയരുന്നതായി അദ്ദേഹം കണ്ടു. സൂര്യനും അവർക്കുമിടയിൽ ഒരു മറയും നാം ഉണ്ടാക്കിയിട്ടില്ല.
അൽകഹ്ഫ് : 91

كَذَٰلِكَ وَقَدْ أَحَطْنَا بِمَا لَدَيْهِ خُبْرًا

അപ്രകാരം ദുൽഖർനൈനിയുടെ വശമുള്ളതിനെ നാം സൂക്ഷ്മമായ വലയം ചെയ്തിരിയ്ക്കുന്നു
അൽകഹ്ഫ് : 92

ثُمَّ أَتْبَعَ سَبَبًا

പിന്നീട് അദ്ദേഹം മറ്റൊരു പാത പിന്തുടർന്നു.
ദുൽഖർനൈൻ, താൻ പിന്തുടർന്ന രണ്ടു പാതകൾക്കിടയിലെ പാതയിലെത്തിയപ്പോൾ ഒരു ജനതയ്ക്കു മേൽ ഉദയസൂര്യൻ പൊങ്ങിവരുന്നതായി കണ്ടു. അതിന്റെ പ്രഭ മറ സൃഷ്ടിയ്ക്കാത്ത അഥവ നിഴലുണ്ടാക്കാത്ത നൂറൊളിയായിരുന്നു. അതിനാൽ തന്റെ ജനത്തെ പോലുള്ള ഒരു

Islamic Epistemology Channel

**ഉമ്മത്തായിരിയ്ക്കുകയില്ല അവരെന്നു് അള്ളാഹു ഈസ(അ)യ്ക്കു് വെളിപ്പെടുത്തിക്കൊടുക്കുന്നു.**
**ആ മദ്ധ്യ പാത വരാനിര്‍ക്കുന്ന അന്ത്യപ്രവാചകനായ നൂറുമുഹമ്മദു(സ)യുടെ ദൗത്യയാത്രയാണെന്നു് ദുല്‍ഖര്‍നൈനിനു് അള്ളാഹു വ്യക്തമാക്കിക്കൊടുക്കുന്നു(ആയത് 91). അപ്രകാരം തന്റെ ദൗത്യത്തിന്റെ സൂക്ഷ്മ അതിരുകള്‍ ദുല്‍ഖര്‍നൈന് അള്ളാഹു സുബു. പകര്‍ന്നു നല്‍കി.**

**മുഹമ്മദു നബി (സ)യുടെ റൂഹിലേറിയുള്ള സഞ്ചാരവും രണ്ടാളുകളുടെ ഉദാഹരണവും**

**ഈസ(അ)യുടെ റൂഹിലേറിയുള്ള സഞ്ചാരത്തിനു അനുബന്ധമായി മുഹമ്മദു നബി (സ)യ്ക്കു് അവിടുത്തെ മദ്ധ്യ പാതയുടെ ദൗത്യ രഹസ്യം അള്ളാഹു സുബു. റൂഹിലൂടെ വെളിപ്പെടുത്തിക്കൊടുക്കുന്നു. ആ സഞ്ചാരത്തില്‍ നബി (സ) മറ്റൊരാളുമായി സംവദിയ്ക്കുന്നു. ആ അനുഭവത്തെയും അതിലെ പാഠങ്ങളെയും സൂറ അല്‍ കഹ്ഫില്‍ രണ്ടാളുകളുടെ ഉദാഹരണമായി വിവരിച്ചിരിയ്ക്കുന്നു.**
<u>നബി(സ)യുടെ ദഅ്‌വ</u>
**നബി(സ), ഫലത്തെ കുറിച്ചു് ആശങ്കപ്പെടാതെ തന്നില്‍ അര്‍പ്പിതമായ ദഅ്‌വയുടെ ദൗത്യം നിര്‍വ്വഹിയ്ക്കുന്നു. അള്ളാഹുവിന്റെ സര്‍വ്വകാല പ്രസക്തമായ ആത്മീയ ഉപദേശം നബി(സ)യിലൂടെ സൂറ അല്‍ കഹ്ഫിലെ 37-39 വരെയുള്ള ആയത്തുകളില്‍ നിന്നു ലഭിയ്ക്കുന്നു. 40-41 ആയത്തുകളിലുള്ളതു് അവര്‍ക്കുള്ള താക്കീതു്/ മുന്നറിയിപ്പ് ആണു്.**

**അല്‍കഹ്ഫ് : 37**

**قَالَ لَهُۥ صَاحِبُهُۥ وَهُوَ يُحَاوِرُهُۥٓ أَكَفَرْتَ بِٱلَّذِى خَلَقَكَ مِن تُرَابٍ ثُمَّ مِن نُّطْفَةٍ ثُمَّ سَوَّىٰكَ رَجُلًا**

**അവന്റെ കൂട്ടുകാരന്‍ ഇതിനെ എതിര്‍ത്തുകൊണ്ട് പറഞ്ഞു: ''നിന്നെ മണ്ണില്‍നിന്നും പിന്നെ ബീജകണത്തില്‍നിന്നും സൃഷ്ടിക്കുകയും അങ്ങനെ ഒരു പൂര്‍ണമനുഷ്യനാക്കി രൂപപ്പെടുത്തുകയും ചെയ്ത നാഥനെയാണോ നീ തള്ളിപ്പറയുന്നത്?**
**അല്‍കഹ്ഫ് : 38**

**لَّـٰكِنَّا۠ هُوَ ٱللَّهُ رَبِّى وَلَآ أُشْرِكُ بِرَبِّىٓ أَحَدًا**

**''എന്നാല്‍ അവനാണ്; അഥവാ അല്ലാഹുവാണ് എന്റെ നാഥന്‍. ഞാന്‍ ആരെയും എന്റെ നാഥന്റെ പങ്കാളിയാക്കുകയില്ല.**
**അല്‍കഹ്ഫ് : 39**

Islamic Epistemology Channel

وَلَوْلَآ إِذْ دَخَلْتَ جَنَّتَكَ قُلْتَ مَا شَآءَ ٱللَّهُ لَا قُوَّةَ إِلَّا بِٱللَّهِ ۚ

**''നീ നിന്റെ തോട്ടത്തിൽ പ്രവേശിച്ചപ്പോൾ നിനക്കിങ്ങനെ പറഞ്ഞുകൂടായിരുന്നോ: 'ഇത് അല്ലാഹു ഇച്ഛിച്ചതാണ്. അല്ലാഹുവെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും സ്വാധീനവും ഇല്ല.'**

**സൃഷ്ടികൾക്കു് അവകാശപ്പെടാനായി സ്രഷ്ടാവിന്റേതല്ലാത്ത ഒന്നും തന്നെയില്ല. അവന്റെ റഹുമത്തിൻ പാരാവാരത്തിലെ ഒരു സമയത്തുരുത്തിൽ നൂറു പരത്തി മിന്നി മറയുവാൻ നഫുസ്സിനു അനുവദിച്ച സൗഭാഗ്യത്തിനുള്ള നന്ദി പ്രകാശനമായിട്ടാണു് ഇഹലോക ജീവിതത്തെ അള്ളാഹു സുബു. സജ്ജമാക്കിത്തന്നിട്ടുള്ളതു്. ഏകവനായ തമ്പുരാനോടു് ആരെയും പങ്കു ചേർക്കുന്നതു് നന്ദികേടാണ്, കൊടിയ വഞ്ചനയാണു്. 38-മത്തെ ആയത്ത് ഇസ്ലാമിക ദർശനത്തിന്റെ കാതലായ ശിർക്കിനോടുള്ള ശക്തമായ എതിർപ്പിനെ രേഖപ്പെടുത്തുന്നു. നന്ദിയുള്ള ജീവിത ചുവടുകളുടെ മന്ത്രണമാണു് مَا شَآءَ ٱللَّهُ لَا قُوَّةَ إِلَّا بِٱللَّهِ**
**ഇത് അല്ലാഹു ഇച്ഛിച്ചതാണ്. അല്ലാഹുവെക്കൊണ്ടല്ലാതെ യാതൊരു ശക്തിയും സ്വാധീനവും ഇല്ല.'**

**അള്ളാഹുവിന്റേതായ പണവും പദവിയും അധികാരവും അവന്റെ ഇച്ഛയ്ക്കനുസരിച്ചു് ഉപയോഗിയ്ക്കാനുള്ളതാണു്. അങ്ങനെ നബി(സ) ഇസ്ലാമിക ദർശനത്തെ സുഹൃത്തിനു പരിചയപ്പെടുത്തുന്നു.**

<u>ഉദാഹരണം നലകുന്ന ഗുണപാഠം</u>

**അൽകഹ്ഫ് : 45-46**

وَٱضْرِبْ لَهُم مَّثَلَ ٱلْحَيَوٰةِ ٱلدُّنْيَا كَمَآءٍ أَنزَلْنَٰهُ مِنَ ٱلسَّمَآءِ فَٱخْتَلَطَ بِهِۦ نَبَاتُ ٱلْأَرْضِ فَأَصْبَحَ هَشِيمًا تَذْرُوهُ ٱلرِّيَٰحُ ۗ وَكَانَ ٱللَّهُ عَلَىٰ كُلِّ شَىْءٍ مُّقْتَدِرًا

**ഇഹലോകജീവിതത്തിന്റെ ഉദാഹരണം നീ അവർക്ക് വിവരിച്ചുകൊടുക്കുക: നാം മാനത്തുനിന്ന് മഴ പെയ്യിച്ചു. അതുവഴി സസ്യങ്ങൾ ഇടകലർന്നു വളർന്നു. താമസിയാതെ അതൊക്കെ കാറ്റിൽ പറക്കുന്ന തുരുമ്പായിമാറി. അല്ലാഹു എല്ലാ കാര്യങ്ങൾക്കും കഴിവുറ്റവനാണ്.**

ٱلْمَالُ وَٱلْبَنُونَ زِينَةُ ٱلْحَيَوٰةِ ٱلدُّنْيَا ۖ وَٱلْبَٰقِيَٰتُ ٱلصَّٰلِحَٰتُ خَيْرٌ عِندَ رَبِّكَ ثَوَابًا وَخَيْرٌ أَمَلًا

Islamic Epistemology Channel

സമ്പത്തും സന്താനങ്ങളും ഐഹികജീവിതത്തിന്റെ അലങ്കാരമാണ്. എന്നും നിലനിൽക്കുന്ന സൽക്കർമങ്ങൾക്കാണ് നിന്റെ നാഥന്റെയടുത്ത് ഉത്തമമായ പ്രതിഫലമുള്ളത്. നല്ല പ്രതീക്ഷ നൽകുന്നതും അതുതന്നെ.

അള്ളാഹു മാനത്തു നിന്നു് /ആത്മീയ ലോകത്തുനിന്നു് റഹുമത്തു വർഷിയ്ക്കുന്നു. അതു ആത്മീയ ഭൗതിക നേട്ടങ്ങൾ കൊയ്യാൻ സമ്മിശ്ര അവസരമൊരുക്കി. അങ്ങനെ തഴച്ചു വളർന്ന അവസരങ്ങളെല്ലാം മരണത്തോടെ തുരുമ്പായി പാഴായി.

അള്ളാഹുവിന്റെ റഹുമത്തിൽ മൽസരിച്ചു നേടുന്ന ലൗകിക ആകർഷണങ്ങൾ നശ്വര സമ്പത്തു മാത്രമാണു്. മരണത്തെ അതിജീവിയ്ക്കുന്നതു് ആത്മീയ സമ്പത്താണ്/സൽക്കർമ്മങ്ങളാണ്. അവയാണു് അള്ളാഹുവിങ്കൽ നിന്നു് ഉത്തമ പ്രതിഫലത്തിന്റെ പ്രതീക്ഷ നൽകുന്നതു്. ആ പ്രതീക്ഷ സൂക്ഷിയ്ക്കുന്നവർ ലൗകിക അലങ്കാരങ്ങളെ സൽക്കർമ്മങ്ങൾക്കുള്ള അവസരമാക്കും. അവർ അള്ളാഹു കാണിച്ചു തരുന്ന അവന്റെ മാർഗ്ഗത്തെ പിൻപറ്റുന്നു. അവർ ലൗകിക ജീവിതത്തെ ആത്മീയ ജീവിതം കൊണ്ടു് പൊതിയുന്നു.

അള്ളാഹു അ'ലം

Islamic Epistemology Channel